**2025 നവംബർ 27 -30 തീയതികളിലെ നന്ദിപ്രകാശന സമന്വയ കോൺഫറൻസിനായുള്ള ദൂതുകളുടെ രൂപരേഖ**

**പൊതു വിഷയം:**

**മത്തായിയിൽ വെളിപ്പെടുത്തിയിരിക്കുന്ന സർവവും ഉൾക്കൊള്ളുന്ന ക്രിസ്തു**

**ദൂത് മൂന്ന്**

**യേശു—ദൈവം നൽകിയ രാജ-രക്ഷകന്റെ നാമം,**
**ഇമ്മാനുവേൽ—മനുഷ്യനാൽ വിളിക്കപ്പെട്ട രാജ-രക്ഷകന്റെ നാമം**

RA *Hymns*: E1083, ML137

തിരുവെഴുത്ത് വായന: മത്താ. 1:21, 23; 18:20; 28:20

മത്താ. 1:21 അവൾ ഒരു പുത്രനെ പ്രസവിക്കും, നീയോ അവനു യേശു എന്നു പേർ വിളിക്കേണം, എന്തെന്നാൽ അവൻതന്നെ, തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കും.

മത്താ. 1:23 "ഇതാ, കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും, അവർ അവന്റെ പേർ ഇമ്മാനൂവേൽ എന്നു വിളിക്കും" (അതിനെ ദൈവം നമ്മോടുകൂടെ എന്ന് മൊഴിമാറ്റം ചെയ്തിരിക്കുന്നു).

മത്താ. 18:20 രണ്ടോ മൂന്നോ പേർ എന്റെ നാമത്തിലേക്കു എവിടെ കൂട്ടിച്ചേർക്കപ്പെടുന്നുവോ, അവിടെ ഞാൻ അവരുടെ മധ്യേ ഉണ്ട്.

മത്താ. 28:20 ഞാൻ നിങ്ങളോടു കൽപ്പിച്ചതൊക്കെയും പ്രമാണിക്കുവാൻ അവരെ ഉപദേശിച്ചുകൊണ്ടും, സകല ജാതികളെയും ശിഷ്യരാക്കുവിൻ, ഇതാ, ഞാൻ യുഗത്തിന്റെ പരിണതിയോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്.

I. **"അവൾ ഒരു പുത്രനെ പ്രസവിക്കും; നീയോ അവനു യേശു എന്നു പേർ വിളിക്കേണം; എന്തെന്നാൽ അവൻതന്നെ, തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കും"—മത്താ. 1:21:**

A. *യേശു* എന്നത്, "രക്ഷകനായ യഹോവ" അഥവാ "യഹോവയുടെ രക്ഷ" എന്ന് അർഥമുള്ള എബ്രായ പേരായ *യോശുവ* എന്നതിന് തുല്യമായ യവനപദമാണ്; യേശു എന്നത് നമ്മുടെ രക്ഷകനും രക്ഷയും ആയിത്തീരുന്ന യഹോവയാണ്—റോമ. 10:12-13; 5:10; പ്ര.നി. ഫിലി. 1:19.

റോമ. 10:12 യെഹൂദനും യവനനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല, ഒരേ കർത്താവുതന്നെ എല്ലാവരുടെയും കർത്താവും, അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു;

റോമ. 10:13 "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും."

റോമ. 5:10 ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

B. യേശു എന്ന നാമത്തിൽ “ഞാൻ ആകുന്നവൻ ഞാൻ ആകുന്നു” എന്ന് അർഥമുള്ള യഹോവ എന്ന നാമം ഉൾപ്പെടുന്നു, ഇത് യഹോവ സ്വയം നിലനിൽക്കുന്നവനും എന്നേക്കും നിലനിൽക്കുന്നവനും ആണെന്നും, ഭൂതകാലത്തുണ്ടായിരുന്നവനും വർത്തമാനത്തിലുള്ളവനും ഭാവിയിൽ എന്നേക്കും ഉണ്ടായിരിക്കുന്നവനും ആണെന്നും സൂചിപ്പിക്കുന്നു—പുറ. 3:14; വെളി. 1:4:

| | |
|---|---|
| പുറ. 3:14 | അതിന്നു ദൈവം മോശെയോടു: ഞാൻ ആകുന്നവൻ ഞാൻ ആകുന്നു; ഞാൻ ആകുന്നു എന്നുള്ളവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നിങ്ങനെ നീ യിസ്രായേൽമക്കളോടു പറയേണം എന്നു കല്പിച്ചു. |
| വെളി. 1:4 | യോഹന്നാൻ ആസ്യയിലുള്ള ഏഴു സഭകൾക്ക്: ഉള്ളവനും ഉണ്ടായിരുന്നവനും വരുന്നവനുമായവനിൽ നിന്നും, അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളിൽ നിന്നും, |

1. യഹോവ മാത്രമാണ് ആകുന്നവനും, തന്നെക്കൂടാതെ മറ്റൊന്നിനെയും ആശ്രയിക്കാത്തവനും ആയവൻ; "അവൻ ആകുന്നു" എന്നും നമ്മൾ "അല്ല" എന്നും വിശ്വസിക്കുവാൻ നാം നമ്മുടെ വിശ്വാസത്തിന്റെ ആത്മാവിനെ പ്രയോഗിക്കണം; അവൻ മാത്രമാണ് എല്ലാറ്റിലും ഏകനായവൻ, നിസ്തുലനായവൻ, നാം ഒന്നുമല്ല—എബ്രാ. 11:6.

| | |
|---|---|
| എബ്രാ. 11:6 | എന്നാൽ വിശ്വാസം കൂടാതെ ദൈവത്തിനു സുപ്രസാദകരമാകുക അസാധ്യമാകുന്നു, എന്തെന്നാൽ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ട് വരുന്നവൻ, ദൈവം ആകുന്നു എന്നും അവനെ ശുഷ്കാന്തിയോടെ അന്വേഷിക്കുന്നവർക്ക് അവൻ പ്രതിഫലം നൽകുന്നവനാകുന്നു എന്നും വിശ്വസിക്കണം. |

2. ഞാൻ ആകുന്നവൻ എന്ന നിലയിൽ, അവൻ എല്ലാ അനുലോമ കാര്യങ്ങളുടെയും യാഥാർഥ്യവും അവന്റെ ജനത്തിന് ആവശ്യമായതെല്ലാം ആകുന്നവനുമായ സർവവും ഉൾക്കൊള്ളുന്നവനാണ്—യോഹ. 6:35; 8:12; 10:14; 11:25; 14:6.

| | |
|---|---|
| യോഹ. 6:35 | യേശു അവരോട് പറഞ്ഞു, ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന് ഒരുവിധത്തിലും വിശക്കുകയില്ല, എന്നിലേക്കു വിശ്വസിക്കുന്നവന് ഒരുവിധത്തിലും ഒരുനാളും ദാഹിക്കുകയുമില്ല. |
| യോഹ. 8:12 | അതുകൊണ്ട് യേശു പിന്നെയും അവരോട് ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഒരുവിധത്തിലും ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും എന്നു പറഞ്ഞു. |
| യോഹ. 10:14 | ഞാൻ നല്ല ഇടയൻ ആകുന്നു, ഞാൻ എന്റെ സ്വന്തമായവയെ അറിയുകയും, എന്റെ സ്വന്തമായവ എന്നെ അറിയുകയും ചെയ്യുന്നു, |
| യോഹ. 11:25 | യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും; |
| യോഹ. 14:6 | യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല. |

3. വിശ്വാസികളായ നമുക്ക് തുക എഴുതിയിട്ടില്ലാത്ത ഒപ്പിട്ടിരിക്കുന്ന ഒരു ചെക്ക് ഉണ്ട്; നമുക്ക് ആവശ്യമുള്ളത് നമുക്ക് പൂരിപ്പിക്കുവാൻ കഴിയും; വെളിച്ചം, ജീവൻ, ശക്തി, ജ്ഞാനം, വിശുദ്ധി അഥവാ നീതി എന്നിങ്ങനെ നമുക്ക് ആവശ്യമായതെല്ലാം യേശു ആകുന്നു; നമുക്ക് ആവശ്യമുള്ളതെല്ലാം യേശുവിന്റെ നാമത്തിൽ കണ്ടെത്തുന്നു.

C. യേശു, നമുക്ക് നല്ല ദേശം എന്ന നിലയിൽ അവൻ തന്നെയാകുന്ന, വിശ്രമത്തിലേക്ക് നമ്മെ കൊണ്ടുവരുന്നവനായ നമ്മുടെ യോശുവയാണ്—എബ്രാ. 4:8; മത്താ. 11:28-29.

| | |
|---|---|
| എബ്രാ. 4:8 | യോശുവ അവരെ വിശ്രമത്തിലേക്ക് കൊണ്ടുവന്നു എങ്കിൽ, ഈ കാര്യങ്ങൾക്കുശേഷം അവൻ മറ്റൊരു ദിവസത്തെക്കുറിച്ച് സംസാരിക്കുകയില്ലായിരുന്നു. |
| മത്താ. 11:28 | അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും. |
| മത്താ. 11:29 | ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും. |

D. കർത്താവിന്റെ നാമം, അവൻ എന്ന വ്യക്തി, സർവവും ഉൾക്കൊള്ളുന്ന സംയുക്ത ആത്മാവ് ആണ്—ഉത്ത. 1:3; പുറ. 30:23-30; ഫിലി. 1:19.

| | |
|---|---|
| ഉത്ത. 1:3 | നിന്റെ തൈലം സൗരഭ്യമായതു; നിന്റെ നാമം പകർന്ന തൈലംപോലെ ഇരിക്കുന്നു; അതുകൊണ്ടു കന്യകമാർ നിന്നെ സ്നേഹിക്കുന്നു. |
| പുറ. 30:23 | മേത്തരമായ സുഗന്ധവർഗ്ഗമായി വിശുദ്ധമന്ദിരത്തിലെ തൂക്കപ്രകാരം അഞ്ഞൂറു ശേക്കെൽ അയഞ്ഞ മൂരും അതിൽ പാതി ഇരുനൂറ്റമ്പതു ശേക്കെൽ സുഗന്ധലവംഗവും ഇരുനൂറ്റമ്പതു ശേക്കെൽ വയമ്പും |
| പുറ. 30:24 | അഞ്ഞൂറു ശേക്കെൽ വഴനത്തൊലിയും ഒരു ഹീൻ ഒലിവെണ്ണയും എടുത്തു |
| പുറ. 30:25 | തൈലക്കാരന്റെ വിദ്യപ്രകാരം ചേർത്തുണ്ടാക്കിയ വിശുദ്ധമായ അഭിഷേക തൈലമാക്കേണം; അതു വിശുദ്ധമായ അഭിഷേക തൈലമായിരിക്കേണം. |
| പുറ. 30:26 | അതിനാൽ നീ സമാഗമനകൂടാരവും സാക്ഷ്യപെട്ടകവും മേശയും |
| പുറ. 30:27 | അതിന്റെ ഉപകരണങ്ങളൊക്കെയും നിലവിളക്കും അതിന്റെ ഉപകരണങ്ങളും |
| പുറ. 30:28 | ധൂപപീഠവും ഹോമയാഗപീഠവും അതിന്റെ ഉപകരണങ്ങളൊക്കെയും തൊട്ടിയും അതിന്റെ കാലും അഭിഷേകം ചെയ്യേണം. |
| പുറ. 30:29 | അവ അതിവിശുദ്ധമായിരിക്കേണ്ടതിന്നു അവയെ ശുദ്ധീകരിക്കേണം; അവയെ തൊടുന്നവനൊക്കെയും വിശുദ്ധനായിരിക്കേണം. |
| പുറ. 30:30 | അഹരോനെയും അവന്റെ പുത്രന്മാരെയും എനിക്കു പുരോഹിതശുശ്രൂഷ ചെയ്യേണ്ടതിന്നു നീ അഭിഷേകം ചെയ്തു ശുദ്ധീകരിക്കേണം. |
| ഫിലി. 1:19 | നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു, |

E. യേശുവിന്റെ നാമം എല്ലാ നാമത്തിനും മേലാണ്—2:9-10:

| | |
|---|---|
| ഫിലി. 2:9 | അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം അവന്റെ മേൽ ചൊരിഞ്ഞു, |

ഫിലി. 2:10 അത് യേശുവിന്റെ നാമത്തിൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും എല്ലാ മുഴങ്കാലും മടങ്ങേണ്ടതിനും,

1. യേശുവിന്റെ നാമം നാം അവനിലേക്ക് വിശ്വസിക്കുവാൻ വേണ്ടിയാണ്—യോഹ. 1:12.

   യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

2. യേശുവിന്റെ നാമം നാം അവനിലേക്ക് സ്നാനപ്പെടുവാൻ വേണ്ടിയാണ്—പ്രവൃ. 8:16; 19:5.

   പ്രവൃ. 8:16 എന്തെന്നാൽ പരിശുദ്ധാത്മാവ് അതുവരെ അവരിൽ ആരുടെയും മേൽ വന്നിട്ടില്ലായിരുന്നു, അവർ കർത്താവായ യേശുവിന്റെ, നാമത്തിലേക്ക് സ്നാനപ്പെടുക മാത്രമേ ചെയ്തിരുന്നുള്ളൂ.

   പ്രവൃ. 19:5 ഇതു കേട്ടപ്പോൾ, അവർ കർത്താവായ യേശുവിന്റെ നാമത്തിലേക്കു സ്നാനപ്പെട്ടു.

3. യേശുവിന്റെ നാമം നമുക്ക് രക്ഷിക്കപ്പെടുവാൻ വേണ്ടിയാണ്—4:12.

   പ്രവൃ. 4:12 മറ്റാരിലും രക്ഷയില്ല, ആകാശത്തിനു കീഴിൽ മനുഷ്യരുടെ ഇടയിൽ നാം രക്ഷിക്കപ്പെടുവാൻ വേറൊരു നാമവും നൽകപ്പെട്ടിട്ടില്ല.

4. യേശുവിന്റെ നാമം നമുക്ക് സൗഖ്യം പ്രാപിക്കുവാൻ വേണ്ടിയാണ്—3:6; 4:10.

   പ്രവൃ. 3:6 എന്നാൽ പത്രൊസ്, വെള്ളിയും പൊന്നും എന്റെ കൈവശം ഇല്ല, എന്നാൽ എനിക്കുള്ളത്, ഞാൻ നിനക്കു തരുന്നു: നസറായനായ യേശു ക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റ് നടക്കുക എന്നു പറഞ്ഞു.

   പ്രവൃ. 4:10 നിങ്ങൾ ക്രൂശിച്ചവനും ദൈവം മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവനുമായ, നസറായനായ യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഈ നാമത്തിൽത്തന്നെ ഈ മനുഷ്യൻ നിങ്ങളുടെ മുമ്പാകെ നല്ല ആരോഗ്യത്തോടെ നിൽക്കുന്നു എന്ന് നിങ്ങൾ എല്ലാവരും, യിസ്രായേലിലെ എല്ലാ ജനവും അറിഞ്ഞുകൊള്ളട്ടെ.

5. യേശുവിന്റെ നാമം നമുക്ക് കഴുകപ്പെടുവാനും, വിശുദ്ധീകരിക്കപ്പെടുവാനും, നീതീകരിക്കപ്പെടുവാനും വേണ്ടിയാണ്—1 കൊരി. 6:11.

   1 കൊരി. 6:11 നിങ്ങളിൽ ചിലർ ഈ വകക്കാരായിരുന്നു; എന്നാൽ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിലും, നിങ്ങൾ കഴുകപ്പെട്ടും വിശുദ്ധീകരിക്കപ്പെട്ടും നീതീകരിക്കപ്പെട്ടുമിരിക്കുന്നു.

6. യേശുവിന്റെ നാമം നമുക്ക് വിളിച്ചപേക്ഷിക്കുവാൻ വേണ്ടിയാണ്—റോമ. 10:13; 1 കൊരി. 1:2; പ്രവൃ. 9:14; ഉല്പ. 4:26.

   റോമ. 10:13 "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും."

   1 കൊരി. 1:2 കൊരിന്തിലുള്ള ദൈവസഭയ്ക്ക്, ക്രിസ്തു യേശുവിൽ, വിശുദ്ധീകരിക്കപ്പെട്ടവരും, എല്ലായിടത്തും അവരുടെയും നമ്മുടെയുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാർക്ക്:

   പ്രവൃ. 9:14 ഇവിടെയും നിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരെയും

| | |
|---|---|
| | ബന്ധിക്കുവാൻ മുഖ്യപുരോഹിതന്മാരിൽ നിന്ന് അവന് അധികാരമുണ്ട്. |
| ഉല്പ. 4:26 | ശേത്തിന്നും ഒരു മകൻ ജനിച്ചു; അവന്നു എനോശ് എന്നു പേരിട്ടു. ആ കാലത്തു യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങി. |

7. നമുക്ക് ശ്വസിക്കാനുള്ള സ്വർഗീയ വായുവാണ് ആത്മാവ്; കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുവാനായി നമ്മുടെ ആത്മാവിനെ പ്രയോഗിക്കുന്നതിലൂടെ, നാം ആത്മാവിനെ ശ്വസിക്കുകയും അതുവഴി ആത്മാവിനെ സ്വീകരിക്കുകയും ചെയ്യുന്നു—യോഹ. 20:22; ഗലാ. 3:2; 1 തെസ്സ. 5:17; വിലാ. 3:55-56; *ഗീതം*, #255.

| | |
|---|---|
| യോഹ. 20:22 | ഇതു പറഞ്ഞശേഷം അവൻ അവരിലേക്ക് ഊതി, അവരോട്, പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ. |
| ഗലാ. 3:2 | ഇതു മാത്രം നിങ്ങളിൽനിന്ന് അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലോ വിശ്വാസത്തിന്റെ കേൾവിയാലോ നിങ്ങൾക്ക് ആത്മാവിനെ ലഭിച്ചത്? |
| 1 തെസ്സ. 5:17 | ഇടവിടാതെ പ്രാർഥിക്കുവിൻ, |
| വിലാ. 3:55 | യഹോവേ, ഞാൻ ആഴമുള്ള കുണ്ടറയിൽനിന്നു നിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചിരിക്കുന്നു. |
| വിലാ. 3:56 | എന്റെ നെടുവീർപ്പിന്നും എന്റെ നിലവിളിക്കും ചെവി പൊത്തിക്കളയരുതേ എന്നുള്ള എന്റെ പ്രാർത്ഥന നീ കേട്ടിരിക്കുന്നു. |

*Hymns* #ML150

1 കർത്താ, നിൻ ആത്മാവേ ഊതു,
ശ്വസിപ്പാൻ പഠിപ്പിക്കാ;
പാപം സ്വയമായെൻ ജീവിതം
നിൻ മാറിൽ ഞാൻ പകരുന്നു.

എൻ സങ്കടങ്ങൾ പാപങ്ങൾ,
പുറത്തേക്കൂതിടുന്നു;
നിൻ സർവ്വ പൂർണതയും ഞാൻ,
ഉള്ളിലേക്കു ശ്വസിപ്പൂ.

2 ഊതുന്നെൻ സ്വന്ത ജീവനെ,
നിൻ ജീവനാൽ നിറഞ്ഞീടാൻ
ഊതുന്നെൻ ശക്തി, അശക്തി,
നിൻ ദിവ്യജീവൻ ശ്വസിപ്പാൻ.

3
ഊതുന്നെൻ പാപസ്വഭാവം,
നീ എനിക്കായി വഹിച്ചു;
ശ്വസിപ്പൂ നിൻ പൂർണ ശുദ്ധി,
എന്റെ ജീവിതം നിന്നിൽ.

4 എൻ ക്ലേശം ഞാൻ ഊതിടുന്നു,
കരുണയുള്ള നിൻ മാറിൽ;

ശ്വസിക്കുന്നു നിൻ ആനന്ദം,
സ്വസ്ഥത സമാധാനം.

5 എൻ രോഗം ഞാൻ ഊതിടുന്നു,
വഹിച്ചു നീ എനിക്കായി;
നിൻ സൗഖ്യം ഞാൻ ശ്വസിക്കുന്നു,
വാഗ്ദത്തം ചെയ്തതു പോൽ.

6 എൻ വാഞ്ഛകൾ ഊതിടുന്നു
ശ്രദ്ധിക്കും കാതുകളിൽ;
ശ്വസിക്കും നിൻ ഉത്തരങ്ങൾ,
നീങ്ങി ഭയം സംശയം.

7 ഞാൻ എപ്പോഴും ശ്വസിക്കുന്നു,
നിന്നിൽ നിന്നും എൻ ജീവൻ;
ശ്വാസം ശ്വാസമായി ജീവിപ്പാൻ,
എന്നിലേക്ക് ഊതു കർത്താ.

F. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നതിന്റെ ഉദ്ദേശ്യം:

1. രക്ഷിക്കപ്പെടുവാൻ—റോമ. 10:13.

| | |
|---|---|
| റോമ. 10:13 | “കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും.” |

2. ദുരിതം, കഷ്ടത, ദുഃഖം, വേദന എന്നിവയിൽനിന്ന് രക്ഷപ്രാപിക്കുവാവാൻ—സങ്കീ. 18:6; 118:5; 86:7; 50:15; 81:7; 116:3-4.

| | |
|---|---|
| സങ്കീ. 18:6 | എന്റെ കഷ്ടതയിൽ ഞാൻ യഹോവയെ വിളിച്ചപേക്ഷിച്ചു, എന്റെ ദൈവത്തോടു നിലവിളിച്ചു; അവൻ തന്റെ മന്ദിരത്തിൽനിന്നു എന്റെ അപേക്ഷ കേട്ടു; തിരുമുമ്പിൽ ഞാൻ കഴിച്ച പ്രാർത്ഥന അവന്റെ ചെവിയിൽ എത്തി. |
| സങ്കീ. 118:5 | ഞെരുക്കത്തിൽ ഞാൻ യഹോവയെ വിളിച്ചപേക്ഷിച്ചു, യഹോവ ഉത്തരമരുളി എന്നെ വിശാലസ്ഥലത്താക്കി. |
| സങ്കീ. 86:7 | നീ എനിക്കുത്തരമരുളുകയാൽ എന്റെ കഷ്ടദിവസത്തിൽ ഞാൻ നിന്നെ വിളിച്ചപേക്ഷിക്കുന്നു. |
| സങ്കീ. 50:15 | കഷ്ടകാലത്തു എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും. |
| സങ്കീ. 81:7 | കഷ്ടകാലത്തു നീ വിളിച്ചു, ഞാൻ നിന്നെ വിടുവിച്ചു; ഇടിമുഴക്കത്തിന്റെ മറവിൽനിന്നു ഞാൻ നിനക്കു ഉത്തരമരുളി; മെരീബാവെള്ളത്തിങ്കൽ ഞാൻ നിന്നെ പരീക്ഷിച്ചു. സേലാ. |
| സങ്കീ. 116:3 | മരണപാശങ്ങൾ എന്നെ ചുറ്റി, പാതാളവേദനകൾ എന്നെ പിടിച്ചു; ഞാൻ കഷ്ടവും സങ്കടവും അനുഭവിച്ചു. |
| സങ്കീ. 116:4 | അയ്യോ, യഹോവേ, എന്റെ പ്രാണനെ രക്ഷിക്കേണമേ എന്നു ഞാൻ യഹോവയുടെ നാമം വിളിച്ചപേക്ഷിച്ചു. |

3. കർത്താവിന്റെ വാത്സല്യത്തിൽ, അവന്റെ കരുണയിൽ പങ്കുകൊള്ളുവാൻ—86:5.

| | |
|---|---|
| സങ്കീ. 86:5 | കർത്താവേ, നീ നല്ലവനും ക്ഷമിക്കുന്നവനും നിന്നോടു അപേക്ഷിക്കുന്നവരോടൊക്കെയും മഹാദയാലുവും |

ആകുന്നു.

4. കർത്താവിന്റെ രക്ഷയിൽ പങ്കുകൊള്ളുവാൻ—116:2, 4, 13, 17.

| | |
|---|---|
| സങ്കീ. 116:2 | അവൻ തന്റെ ചെവി എങ്കലേക്കു ചായിച്ചതുകൊണ്ടു ഞാൻ ജീവകാലമൊക്കെയും അവനെ വിളിച്ചപേക്ഷിക്കും. |
| സങ്കീ. 116:4 | അയ്യോ, യഹോവേ, എന്റെ പ്രാണനെ രക്ഷിക്കേണമേ എന്നു ഞാൻ യഹോവയുടെ നാമം വിളിച്ചപേക്ഷിച്ചു. |
| സങ്കീ. 116:13 | ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും. |
| സങ്കീ. 116:17 | ഞാൻ നിനക്കു സ്തോത്രയാഗം കഴിച്ചു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും. |

5. ആത്മാവിനെ കൈക്കൊള്ളുവാൻ—പ്രവൃ. 2:17, 21.

| | |
|---|---|
| പ്രവൃ. 2:17 | “ദൈവം അരുളിച്ചെയ്യുന്നു, അവസാന നാളുകളിൽ ഇതൊക്കെയും സംഭവിക്കും, ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ ഒഴിക്കും, നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കുകയും, നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ കാണുകയും, നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണുകയും ചെയ്യും; |
| പ്രവൃ. 2:21 | കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും.” |

6. സംതൃപ്തിക്കായി ആത്മികജലം കുടിക്കുവാനും ആത്മകകാഹാരം ഭക്ഷിക്കുവാനും—യെശ. 55:1-2, 6.

| | |
|---|---|
| യെശ. 55:1 | അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ വെള്ളത്തിന്നു വരുവിൻ: വന്നു വാങ്ങി തിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ. |
| യെശ. 55:2 | അപ്പമല്ലാത്തതിന്നു ദ്രവ്യവും തൃപ്തിവരുത്താത്തതിന്നു നിങ്ങളുടെ പ്രയത്നഫലവും ചെലവിടുന്നതെന്തിന്നു? എന്റെ വാക്കു ശ്രദ്ധിച്ചു കേട്ടു നന്മ അനുഭവിപ്പിൻ പുഷ്ടഭോജനം കഴിച്ചു മോദിച്ചുകൊൾവിൻ. |
| യെശ. 55:6 | യഹോവയെ കണ്ടെത്താകുന്ന സമയത്തു അവനെ അന്വേഷിപ്പിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ. |

7. കർത്താവിന്റെ സമ്പത്ത് ആസ്വദിക്കാൻ—റോമ. 10:12; 1 കൊരി. 12:3b; ആവ. 4:7; സങ്കീ. 145:18.

| | |
|---|---|
| റോമ. 10:12 | യെഹൂദനും യവനനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല, ഒരേ കർത്താവുതന്നെ എല്ലാവരുടെയും കർത്താവും, അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു; |
| 1 കൊരി. 12:3 | അതിനാൽ ദൈവാത്മാവിൽ സംസാരിക്കുന്ന ആരും യേശു ശപിക്കപ്പെട്ടവൻ എന്നു പറയുകയില്ല; പരിശുദ്ധാത്മാവിൽ അല്ലാതെ, യേശു കർത്താവ് എന്നു പറയുവാൻ ആർക്കും കഴിയുകയുമില്ല എന്ന് ഞാൻ നിങ്ങളെ അറിയിക്കുന്നു. |
| ആവ. 4:7 | നമ്മുടെ ദൈവമായ യഹോവയോടു നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെയും അവൻ നമുക്കു അടുത്തിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തിരിക്കുന്ന ശ്രേഷ്ഠജാതി ഏതുള്ളു? |
| സങ്കീ. 145:18 | യഹോവ, തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും, സത്യമായി |

തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു.

8. നമ്മെത്തന്നെ ഉത്തേജിപ്പിക്കുവാൻ—യെശ. 64:7.

| | |
|---|---|
| യെശ. 64:7 | നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവനും നിന്നെ മുറുകെ പിടിപ്പാൻ ഉത്സാഹിക്കുന്നവനും ആരുമില്ല; നിന്റെ മുഖം ഞങ്ങൾ കാണാതവണ്ണം നീ മറെച്ചുവെച്ചു ഞങ്ങളുടെ അകൃത്യങ്ങൾക്കു ഞങ്ങളെ ഏല്പിച്ചിരിക്കുന്നു. |

9. യേശുവിന്റെ നാമം നമുക്ക് അതിൽ പ്രാർഥിക്കുവാനാണ്—യോഹ. 14:13-14; 15:16; 16:24.

| | |
|---|---|
| യോഹ. 14:13 | നിങ്ങൾ എന്റെ നാമത്തിൽ എന്തു ചോദിച്ചാലും, പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന്, അതു ഞാൻ ചെയ്യും. |
| യോഹ. 14:14 | നിങ്ങൾ എന്റെ നാമത്തിൽ എന്നോട് എന്തെങ്കിലും ചോദിച്ചാൽ, അതു ഞാൻ ചെയ്യും. |
| യോഹ. 15:16 | നിങ്ങൾ എന്നെ തിരഞ്ഞെടുത്തില്ല, എന്നാൽ ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പുറപ്പെട്ടുപോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം, നിലനിൽക്കേണ്ടതിനും ഞാൻ നിങ്ങളെ ആക്കിവച്ചിരിക്കുന്നു, എന്റെ നാമത്തിൽ നിങ്ങൾ പിതാവിനോട് എന്തു ചോദിച്ചാലും അവൻ നിങ്ങൾക്കു നൽകേണ്ടതിനു തന്നെ. |
| യോഹ. 16:24 | ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നിനും ചോദിച്ചിട്ടില്ല; ചോദിക്കുവിൻ, നിങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിനു നിങ്ങൾക്കു ലഭിക്കും. |

10. യേശുവിന്റെ നാമം നമുക്ക് അവനിലേക്ക് കൂട്ടിച്ചേർക്കപ്പെടുവാനാണ്—മത്താ. 18:20.

| | |
|---|---|
| മത്താ. 18:20 | രണ്ടോ മൂന്നോ പേർ എന്റെ നാമത്തിലേക്കു എവിടെ കൂട്ടിച്ചേർക്കപ്പെടുന്നുവോ, അവിടെ ഞാൻ അവരുടെ മധ്യേ ഉണ്ട്. |

11. യേശുവിന്റെ നാമം നമുക്ക് ഭൂതങ്ങളെ പുറത്താക്കുവാനാണ്—പ്രവ്യ. 16:18.

| | |
|---|---|
| പ്രവ്യ. 16:18 | അവൾ ഇത് അനേകം ദിവസങ്ങളായി ചെയ്തുപോന്നു. എന്നാൽ പൗലൊസ് വളരെ അസ്വസ്ഥനായി; തിരിഞ്ഞ് ആ ആത്മാവിനോട്, അവളിൽനിന്ന് പുറത്തു വരുവാൻ യേശു ക്രിസ്തുവിന്റെ നാമത്തിൽ ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു എന്നു പറഞ്ഞു. ആ നാഴികയിൽത്തന്നെ അത് പുറത്തുവന്നു. |

12. യേശുവിന്റെ നാമം നമുക്ക് ധൈര്യത്തോടെ സംസാരിക്കുവാനാണ്—9:27.

| | |
|---|---|
| പ്രവ്യ. 9:27 | എന്നാൽ ബർന്നബാസ് അവനെ പിടിച്ച് അപ്പൊസ്തലന്മാരുടെ അടുക്കലേക്ക് നയിച്ചിട്ട്, എങ്ങനെ ശൗൽ കർത്താവിനെ വഴിയിൽവച്ച് കാണുകയും കർത്താവ് അവനോട് സംസാരിക്കുകയും ചെയ്തു എന്നും, എങ്ങനെ അവൻ ദമസ്കൊസിൽ യേശുവിന്റെ നാമത്തിൽ ധൈര്യത്തോടെ സംസാരിച്ചു എന്നും അവരോട് വിവരിച്ചു. |

G. സാത്താൻ യേശുവിന്റെ നാമത്തെ വെറുക്കുന്നു:

1. യേശുവിന്റെ നാമത്തെ ആക്രമിക്കുവാൻ സാത്താൻ ജനത്തെ ഉപയോഗിക്കുന്നു—പ്ര.നി. 26:9.

| | |
|---|---|
| പ്രവ്യ. 26:9 | അങ്ങനെ, നസറായനായ യേശുവിന്റെ നാമത്തിനു വിരുദ്ധമായി അനേകം കാര്യങ്ങൾ ചെയ്യണമെന്ന് ഞാൻ സ്വന്തമായി വിചാരിച്ചു. |

2. വിശ്വാസികളെ ആ നാമത്തിൽ പ്രസംഗിക്കുവാനോ പഠിപ്പിക്കുവാനോ വിലക്കിക്കൊണ്ട് മതഭക്തർ യേശുവിന്റെ നാമത്തെ ആക്രമിച്ചു—4:17-18; 5:40.

| | |
|---|---|
| പ്രവൃ. 4:17 | എന്നാൽ ഇത് ജനത്തിനിടയിൽ ഇനിയും പടരാതിരിക്കേണ്ടതിന്, ഈ നാമത്തെ ആധാരമാക്കി ഇനിമേൽ ആരോടും പറയരുതെന്നു നമുക്ക് അവരെ ഭീഷണിപ്പെടുത്താം. |
| പ്രവൃ. 4:18 | അവർ അവരെ വിളിച്ചപ്പോൾ, യാതൊന്നും ഉച്ചരിക്കരുതെന്നും യേശുവിന്റെ നാമത്തെ ആധാരമാക്കി ഉപദേശിക്കരുതെന്നും അവരോട് ആജ്ഞാപിച്ചു. |
| പ്രവൃ. 5:40 | അവനാൽ അവർക്ക് ബോധ്യം വന്നു. അപ്പൊസ്തലന്മാരെ തങ്ങളുടെ അടുക്കൽ വിളിപ്പിച്ച ശേഷം, അവരെ തല്ലിയിട്ട്, യേശുവിന്റെ നാമത്തെ ആധാരമാക്കി സംസാരിക്കരുതെന്ന് ആജ്ഞാപിച്ചു; പിന്നെ അവരെ വിട്ടയച്ചു. |

3. അപ്പൊസ്തലന്മാർ ഉപദ്രവിക്കപ്പെട്ടപ്പോൾ, അവർ യേശുവിന്റെ നാമത്തെച്ചൊല്ലി അപമാനിക്കപ്പെടുവാൻ യോഗ്യരായി എണ്ണപ്പെട്ടതിൽ സന്തോഷിച്ചു—വാ. 41; 15:26.

| | |
|---|---|
| പ്രവൃ. 5:41 | അങ്ങനെ അവർ, ഈ നാമത്തെച്ചൊല്ലി അപമാനിക്കപ്പെടുവാൻ യോഗ്യരായി എണ്ണപ്പെട്ടതിൽ സന്തോഷിച്ചുകൊണ്ട്, സൻഹെദ്രിന്റെ സന്നിധിയിൽനിന്നു പോയി. |
| പ്രവൃ. 15:26 | ഇവർ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിനുവേണ്ടി തങ്ങളുടെ ജീവനെ അപായപ്പെടുത്തിയ പുരുഷന്മാരല്ലോ. |

H. തന്റെ നാമം നിഷേധിക്കാത്തതിനാൽ കർത്താവായ യേശു ഫിലദെൽഫ്യയിലുള്ള ജയാളികളെ പ്രശംസിച്ചു—വെളി. 3:8:

| | |
|---|---|
| വെളി. 3:8 | നിന്റെ പ്രവൃത്തികൾ ഞാൻ അറിയുന്നു; ഇതാ, ഞാൻ ആർക്കും അടയ്ക്കുവാൻ കഴിയാത്ത ഒരു തുറന്ന വാതിൽ നിനക്കു മുമ്പാകെ വച്ചിരിക്കുന്നു, എന്തുകൊണ്ടെന്നാൽ നിനക്ക് അൽപമേ ശക്തിയുള്ളൂ, നീ എന്റെ വചനം കാത്തു, എന്റെ നാമം നിഷേധിച്ചതുമില്ല. |

1. പ്രത്യുദ്ധരിക്കപ്പെട്ട സഭ പൂർണമായും കർത്താവിനുള്ളവരായി, കർത്താവായ യേശു ക്രിസ്തുവിന്റെ നാമമൊഴികെയുള്ള എല്ലാ നാമങ്ങളെയും ഉപേക്ഷിച്ചു.
2. കർത്താവിന്റെ നാമമല്ലാതെ മറ്റൊരു നാമം സ്വീകരിച്ചുകൊണ്ട് സഭയെ നാമകരണം ചെയ്യുന്നത് ആത്മിക വ്യഭിചാരമാണ്; നിർമലകന്യകയായി ക്രിസ്തുവിന് വിവാഹനിശ്ചയം ചെയ്തിരിക്കുന്ന സഭയ്ക്ക് (2 കൊരി. 11:2), അവളുടെ ഭർത്താവിന്റെ നാമമല്ലാതെ മറ്റൊരു നാമവും ഉണ്ടായിരിക്കരുത്.

| | |
|---|---|
| 2 കൊരി. 11:2 | എന്തെന്നാൽ ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ തീക്ഷ്ണതയോടെ തീക്ഷ്ണതയുള്ളവനാകുന്നു; ഞാൻ ക്രിസ്തു എന്ന ഏക ഭർത്താവിന് നിങ്ങളെ നിർമല കന്യകയായി മുൻനിർത്തുവാൻ വിവാഹനിശ്ചയം ചെയ്തു. |

## II. "'ഇതാ, കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും, അവർ അവന്റെ പേർ ഇമ്മാനൂവേൽ എന്നു വിളിക്കും' (അതിനെ ദൈവം നമ്മോടുകൂടെ എന്ന് മൊഴിമാറ്റം ചെയ്തിരിക്കുന്നു)"—മത്താ. 1:23:

A. യേശു എന്നത് ദൈവത്താൽ ലഭിച്ച രാജ-രക്ഷകന്റെ പേരാണ്, അതേസമയം ഇമ്മാനൂവേൽ എന്നത് മനുഷ്യനാൽ വിളിക്കപ്പെട്ട രാജ-രക്ഷകന്റെ പേരാണ്—വാ. 23.

| | |
|---|---|
| മത്താ. 1:23 | "ഇതാ, കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും, അവർ അവന്റെ പേർ ഇമ്മാനൂവേൽ എന്നു വിളിക്കും" (അതിനെ ദൈവം നമ്മോടുകൂടെ എന്ന് മൊഴിമാറ്റം ചെയ്തിരിക്കുന്നു). |

B. മത്തായി ഇമ്മാനൂവേലിനെ—നമ്മോടൊപ്പം ആയിരിക്കാൻ ജഡാവതാരം ചെയ്ത ദൈവത്തെ—കുറിച്ചുള്ള ഒരു പുസ്തകമാണ്—വാ. 21-23.

| | |
|---|---|
| മത്താ. 1:21 | അവൾ ഒരു പുത്രനെ പ്രസവിക്കും, നീയോ അവനു യേശു എന്നു പേർ വിളിക്കേണം, എന്തെന്നാൽ അവൻതന്നെ, തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കും. |
| മത്താ. 1:22 | ഇതൊക്കെയും സംഭവിച്ചിരിക്കുന്നത് കർത്താവിനാൽ പ്രവാചകനിലൂടെ ഇപ്രകാരം അരുളിച്ചെയ്തത് നിവൃത്തിയാകേണ്ടതിനായിരുന്നു, |
| മത്താ. 1:23 | "ഇതാ, കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും, അവർ അവന്റെ പേർ ഇമ്മാനൂവേൽ എന്നു വിളിക്കും" (അതിനെ ദൈവം നമ്മോടുകൂടെ എന്ന് മൊഴിമാറ്റം ചെയ്തിരിക്കുന്നു). |

C. ഇമ്മാനൂവേൽ സർവവും ഉൾക്കൊള്ളുന്നവനാണ്—ഫിലി. 1:19:

| | |
|---|---|
| ഫിലി. 1:19 | നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു, |

1. അവൻ ഒന്നാമതായി നമ്മുടെ രക്ഷകനാണ് (ലൂക്കൊ. 2:11), അതിനുശേഷം നമ്മുടെ വീണ്ടെടുപ്പുകാരനാണ് (യോഹ. 1:29; റോമർ 3:24), തുടർന്ന് നമ്മുടെ ജീവദാതാവാണ് (1 കൊരി. 15:45), എന്നിട്ട് സർവവും ഉൾക്കൊള്ളുന്ന, ഉൾവസിക്കുന്ന ആത്മാവാണ് (യോഹ. 14:16-20; റോമ. 8:9-11).

| | |
|---|---|
| ലൂക്കൊ. 2:11 | എന്തുകൊണ്ടെന്നാൽ ദാവീദിന്റെ പട്ടണത്തിൽ ഇന്നു നിങ്ങൾക്കൊരു രക്ഷകൻ ജനിച്ചിരിക്കുന്നു, അവൻ കർത്താവായ ക്രിസ്തു ആകുന്നു. |
| യോഹ. 1:29 | പിറ്റെന്നാൾ യേശു തന്റെ അടുക്കലേക്ക് വരുന്നത് കണ്ടിട്ട് അവൻ പറഞ്ഞു, ഇതാ, ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്! |
| റോമ. 3:24 | ക്രിസ്തു യേശുവിലുള്ള വീണ്ടെടുപ്പ് മുഖാന്തരം അവന്റെ കൃപയാൽ സൗജന്യമായി നീതീകരിക്കപ്പെടുന്നു; |
| 1 കൊരി. 15:45 | അങ്ങനെ, "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു" എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു. |
| യോഹ. 14:16 | ഞാൻ പിതാവിനോടു ചോദിക്കുകയും, അവൻ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു, മറ്റൊരു കാര്യസ്ഥനെ നിങ്ങൾക്കു നൽകുകയും ചെയ്യും, |
| യോഹ. 14:17 | യാഥാർഥ്യത്തിന്റെ ആത്മാവിനെത്തന്നെ, ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യാത്തതിനാൽ അതിന് അവനെ സ്വീകരിക്കുവാൻ കഴിയുകയില്ല; എന്നാൽ അവൻ |

| | |
|---|---|
| | നിങ്ങളോടുകൂടെ വസിക്കുന്നതിനാലും, നിങ്ങളിൽ ആകും എന്നതിനാലും, നിങ്ങൾ അവനെ അറിയുന്നു. |
| യോഹ. 14:18 | ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നു. |
| യോഹ. 14:19 | ഇനിയും അൽപനേരം കഴിഞ്ഞ്, ലോകം ഇനിമേൽ എന്നെ കാണുന്നില്ല, എന്നാൽ നിങ്ങൾ എന്നെ കാണുന്നു; ഞാൻ ജീവിക്കുന്നതിനാൽ നിങ്ങളും ജീവിക്കും. |
| യോഹ. 14:20 | ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും. |
| റോമ. 8:9 | എന്നാൽ ദൈവത്തിന്റെ ആത്മാവ് നിശ്ചയമായും നിങ്ങളിൽ വസിക്കുന്നു എങ്കിൽ, നിങ്ങൾ ജഡത്തിലല്ല ആത്മാവിലത്രേ ആകുന്നു. എങ്കിലും ഒരുവന് ക്രിസ്തുവിന്റെ, ആത്മാവില്ലെങ്കിൽ, അവൻ അവനിൽനിന്നുള്ളവനല്ല. |
| റോമ. 8:10 | എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു. |
| റോമ. 8:11 | യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും. |

2. യഥാർഥത്തിൽ, മുഴുവൻ പുതിയനിയമത്തിന്റെയും ഉള്ളടക്കം ഒരു ഇമ്മാനുവേലാണ് (മത്താ. 1:23; 18:20; 28:20; വെളി. 21:3), ക്രിസ്തുവിലുള്ള എല്ലാ വിശ്വാസികളും, ക്രിസ്തുവിന്റെ അവയവങ്ങളെന്ന നിലയിൽ, ഈ മഹാ ഇമ്മാനുവേലിന്റെ, സംഘാത ക്രിസ്തുവിന്റെ ഭാഗമാണ് (1 കൊരി. 12:12; കൊലൊ. 3:10-11).

| | |
|---|---|
| മത്താ. 1:23 | "ഇതാ, കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും, അവർ അവന്റെ പേർ ഇമ്മാനുവേൽ എന്നു വിളിക്കും" (അതിനെ ദൈവം നമ്മോടുകൂടെ എന്ന് മൊഴിമാറ്റം ചെയ്തിരിക്കുന്നു). |
| മത്താ. 18:20 | രണ്ടോ മൂന്നോ പേർ എന്റെ നാമത്തിലേക്കു എവിടെ കൂട്ടിച്ചേർക്കപ്പെടുന്നുവോ, അവിടെ ഞാൻ അവരുടെ മധ്യേ ഉണ്ട്. |
| മത്താ. 28:20 | ഞാൻ നിങ്ങളോടു കൽപ്പിച്ചതൊക്കെയും പ്രമാണിക്കുവാൻ അവരെ ഉപദേശിച്ചുകൊണ്ടും, സകല ജാതികളെയും ശിഷ്യരാക്കുവിൻ, ഇതാ, ഞാൻ യുഗത്തിന്റെ പരിണതിയോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്. |
| വെളി. 21:3 | സിംഹാസനത്തിൽനിന്ന് ഞാൻ ഉച്ചത്തിൽ പറഞ്ഞുകേട്ടത്, ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം, അവൻ അവരോടുകൂടെ കൂടാരമടിക്കും, അവർ അവന്റെ ജനങ്ങളായിരിക്കും, ദൈവം താൻ അവരോടുകൂടെ ആയിരുന്ന് അവരുടെ ദൈവമായിരിക്കും. |
| 1 കൊരി. 12:12 | എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും. |
| കൊലൊ. 3:10 | തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ |

ധരിച്ചിരിക്കുന്നുവല്ലോ,

| | |
|---|---|
| കൊലൊ. 3:11 | അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു. |

D. പ്രായോഗികനായ ഇമ്മാനൂവേൽ നമ്മുടെ ആത്മാവിൽ പരിണതിപ്രാപിച്ച ത്രിയേക ദൈവത്തിന്റെ സാന്നിധ്യമെന്ന നിലയിൽ യാഥാർഥ്യത്തിന്റെ ആത്മാവാണ്; അവന്റെ സാന്നിധ്യം നമ്മുടെ ആത്മാവിൽ, ദിവസം തോറും മാത്രമല്ല, നിമിഷം തോറും എപ്പോഴും നമ്മോടൊപ്പമുണ്ട്—യോഹ. 1:14; 14:16-20; 1 കൊരി. 15:45; 2 തിമൊ. 4:22:

| | |
|---|---|
| യോഹ. 1:14 | വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു). |
| യോഹ. 14:16 | ഞാൻ പിതാവിനോടു ചോദിക്കുകയും, അവൻ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു, മറ്റൊരു കാര്യസ്ഥനെ നിങ്ങൾക്കു നൽകുകയും ചെയ്യും, |
| യോഹ. 14:17 | യാഥാർഥ്യത്തിന്റെ ആത്മാവിനെത്തന്നെ, ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യാത്തതിനാൽ അതിന് അവനെ സ്വീകരിക്കുവാൻ കഴിയുകയില്ല; എന്നാൽ അവൻ നിങ്ങളോടുകൂടെ വസിക്കുന്നതിനാലും, നിങ്ങളിൽ ആകും എന്നതിനാലും, നിങ്ങൾ അവനെ അറിയുന്നു. |
| യോഹ. 14:18 | ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നു. |
| യോഹ. 14:19 | ഇനിയും അൽപനേരം കഴിഞ്ഞ്, ലോകം ഇനിമേൽ എന്നെ കാണുന്നില്ല, എന്നാൽ നിങ്ങൾ എന്നെ കാണുന്നു; ഞാൻ ജീവിക്കുന്നതിനാൽ നിങ്ങളും ജീവിക്കും. |
| യോഹ. 14:20 | ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും. |
| 1 കൊരി. 15:45 | അങ്ങനെ, "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു" എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു. |
| 2 തിമൊ. 4:22 | കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ. |

1. നമ്മുടെ കൂടിവരവുകളിൽ അവൻ നമ്മോടുകൂടെയുണ്ട്—മത്താ. 18:20.

| | |
|---|---|
| മത്താ. 18:20 | രണ്ടോ മൂന്നോ പേർ എന്റെ നാമത്തിലേക്കു എവിടെ കൂട്ടിച്ചേർക്കപ്പെടുന്നുവോ, അവിടെ ഞാൻ അവരുടെ മധ്യേ ഉണ്ട്. |

2. അവൻ എല്ലാ ദിവസവും നമ്മോടുകൂടെയുണ്ട്—28:20.

| | |
|---|---|
| മത്താ. 28:20 | ഞാൻ നിങ്ങളോടു കൽപ്പിച്ചതൊക്കെയും പ്രമാണിക്കുവാൻ അവരെ ഉപദേശിച്ചുകൊണ്ടും, സകല ജാതികളെയും ശിഷ്യരാക്കുവിൻ, ഇതാ, ഞാൻ യുഗത്തിന്റെ പരിണതിയോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്. |

3. നമ്മുടെ ആത്മാവിൽ അവൻ നമ്മോടുകൂടെയുണ്ട്—2 തിമൊ. 4:22:

| | |
|---|---|
| 2 തിമൊ. 4:22 | കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ. |

a. ഇന്ന് നമ്മുടെ ആത്മാവ് ഇമ്മാനൂവേന്റെ ദേശമാണ്—യെശ. 8:7-8.

യെശ. 8:7 അതുകാരണത്താൽ തന്നേ, യഹോവ നദിയിലെ ബലമേറിയ പെരുവെള്ളത്തെ, അശ്ശൂർരാജാവിനെയും അവന്റെ സകലമഹത്വത്തെയും തന്നേ, അവരുടെമേൽ വരുത്തും; അതു അതിന്റെ എല്ലാ തോടുകളിലും പൊങ്ങി അതിന്റെ എല്ലാ കരകളെയും കവിഞ്ഞൊഴുകും.

യെശ. 8:8 അതു യെഹൂദയിലേക്കു കടന്നു കവിഞ്ഞൊഴുകി കഴുത്തോളം എത്തും; അതിന്റെ വിടർന്ന ചിറകു, ഇമ്മാനൂവേലേ, നിന്റെ ദേശത്തിന്റെ വീതിയെ മൂടും.

b. ദൈവം നമ്മോടുകൂടെയുള്ളതിനാൽ, ശത്രുവിന് ഒരിക്കലും ഇമ്മാനൂവേലിന്റെ ദേശത്തെ കൈയടക്കുവാൻ കഴിയില്ല—വാ. 10; പ്ര.നി. 1 യോഹ. 5:4; യോഹ. 3:6.

യെശ. 8:10 കൂടി ആലോചിച്ചുകൊൾവിൻ; അതു നിഷ്ഫലമായിത്തീരും; കാര്യം പറഞ്ഞുറെപ്പിൻ; സാദ്ധ്യം ഉണ്ടാകയില്ല; ദൈവം ഞങ്ങളോടുകൂടെ ഉണ്ടു.

1 യോഹ. 5:4 ദൈവത്തിൽനിന്ന്, ജനിച്ചിരിക്കുന്നതെല്ലാം ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസംതന്നെ.

യോഹ. 3:6 ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു.

4. അവന്റെ വിശുദ്ധ വചനം പഠിക്കുന്നതിനായി ഒന്നിച്ചു കൂടിവരുന്നതിൽ നമുക്ക് ത്രിയേക ദൈവത്തിന്റെ സാന്നിധ്യം ആസ്വദിക്കുവാൻ കഴിയും—മത്താ. 18:20; 28:20; സങ്കീ. 119:30; പ്രവൃ. 6:4.

മത്താ. 18:20 രണ്ടോ മൂന്നോ പേർ എന്റെ നാമത്തിലേക്കു എവിടെ കൂട്ടിച്ചേർക്കപ്പെടുന്നുവോ, അവിടെ ഞാൻ അവരുടെ മധ്യേ ഉണ്ട്.

മത്താ. 28:20 ഞാൻ നിങ്ങളോടു കൽപ്പിച്ചതൊക്കെയും പ്രമാണിക്കുവാൻ അവരെ ഉപദേശിച്ചുകൊണ്ടും, സകല ജാതികളെയും ശിഷ്യരാക്കുവിൻ, ഇതാ, ഞാൻ യുഗത്തിന്റെ പരിണതിയോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്.

സങ്കീ. 119:30 വിശ്വസ്തതയുടെ മാർഗ്ഗം ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു; നിന്റെ വിധികളെ എന്റെ മുമ്പിൽ വെച്ചിരിക്കുന്നു.

പ്രവൃ. 6:4 എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും.

5. ത്രിയേക ദൈവത്തിന്റെ സാന്നിധ്യമെന്ന നിലയിൽ ആത്മാവിലൂടെ നാം കൃപയും സമാധാനവും ആസ്വദിക്കുന്നു—ഗലാ. 6:18; പ്രവൃ. 9:31.

ഗലാ. 6:18 സഹോദരന്മാരേ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവോടുകൂടെ ഇരിക്കട്ടെ. ആമേൻ.

പ്രവൃ. 9:31 അങ്ങനെ യെഹൂദ്യയിലും ഗലീലയിലും ശമര്യയിലും എമ്പാടുമുള്ള സഭയ്ക്കു, കെട്ടുപണി ചെയ്യപ്പെട്ടുകൊണ്ട്, സമാധാനം ഉണ്ടായിരുന്നു; കർത്താവിന്റെ ഭയത്തിലും പരിശുദ്ധാത്മാവിന്റെ ആശ്വാസത്തിലും തുടർന്നുകൊണ്ട് പെരുകുകയും ചെയ്തു.

6. ആത്മാവിന്റെ നടത്തിപ്പും സാക്ഷ്യവും അവന്റെ സാന്നിധ്യമാണ്—റോമർ 8:14, 16.

| | |
|---|---|
| റോമ. 8:14 | എന്തെന്നാൽ ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്നവരൊക്കെയും, ദൈവത്തിന്റെ പുത്രന്മാർ ആകുന്നു. |
| റോമ. 8:16 | നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു. |

7. ആത്മാവെന്ന നിലയിലുള്ള അവന്റെ സാന്നിധ്യത്തിലൂടെ ത്രിയേക ദൈവത്തിന്റെ പകർച്ച നാം ആസ്വദിക്കുന്നു—2 കൊരി. 13:14.

| | |
|---|---|
| 2 കൊരി. 13:14 | കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ. |

E. ഇമ്മാനൂവേലെന്ന നിലയിൽ ക്രിസ്തുവിനൊടൊപ്പം ജീവിക്കുവാൻ, ത്രിയേക ദൈവത്തിന്റെ പരിണതിയായ, ജീവൻ നൽകുന്ന ആത്മാവെന്ന അവന്റെ ദിവ്യ സാന്നിധ്യത്തിൽ നാം ആയിരിക്കണം—ഗലാ. 5:25:

| | |
|---|---|
| ഗലാ. 5:25 | ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ, ആത്മാവിനാൽ നമുക്ക് നടക്കുകയും ചെയ്യാം. |

1. ക്രിസ്തുവിനോടുകൂടെ ജീവിക്കുന്നതിന്, നാം അപ്പോഴും ജീവിക്കുന്നു എങ്കിലും നമ്മളാൽത്തന്നെയല്ല, ഇമ്മാനൂവേലായി നമ്മിലും നമ്മോടുകൂടെയും ജീവിക്കുന്ന ക്രിസ്തുവിനാലത്രേ നാം ജീവിക്കുന്നത്; നമ്മുടെ ആളത്വത്തിലേക്ക് തന്നെത്തന്നെ പകരുവാനുള്ള ത്രിയേക ദൈവത്തിന്റെ ഉദ്ദേശ്യം നമുക്ക് വെളിയിൽ ആയിരുന്നുകൊണ്ട് അവന് പൂർത്തിയാക്കുവാൻ കഴിയില്ല; അതിനാൽ, അവൻ നമ്മോടുകൂടെ ആയിരിക്കുന്നത് ആന്തരികമായിരിക്കണം—2:20.

| | |
|---|---|
| ഗലാ. 2:20 | ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു. |

2. ഇമ്മാനൂവേൽ നമ്മുടെ ജീവനും വ്യക്തിയുമാണ്, നാം അവനോടൊപ്പം ഒരു വ്യക്തിയായി ജീവിക്കുന്ന അവന്റെ അവയവമാണ്; നമ്മുടെ ജയം യേശുവിന്റെ സാന്നിധ്യമായ ഇമ്മാനൂവേലിനെ ആശ്രയിച്ചിരിക്കുന്നു.
3. നമുക്ക് കർത്താവിന്റെ സാന്നിധ്യമുണ്ടെങ്കിൽ, നമുക്ക് ജ്ഞാനം, ഉൾക്കാഴ്ച, ദീർഘവീക്ഷണം, കാര്യങ്ങളെക്കുറിച്ചുള്ള ആന്തരിക അറിവ് എന്നിവയുണ്ട്; കർത്താവിന്റെ സാന്നിധ്യം നമുക്ക് എല്ലാമാണ്—2 കൊരി. 2:10; 4:6-7; ഗലാ. 5:25; ഉല്പ. 5:22-24; എബ്രാ. 11:5-6.

| | |
|---|---|
| 2 കൊരി. 2:10 | എന്നാൽ നിങ്ങൾ എന്തെങ്കിലും ക്ഷമിക്കുന്നവനോട്, ഞാനും ക്ഷമിക്കുന്നു; ഞാൻ എന്തെങ്കിലും ക്ഷമിച്ചിരിക്കുന്നെങ്കിൽ, ഞാൻ ക്ഷമിച്ചിരിക്കുന്നത് നിങ്ങൾ നിമിത്തം ക്രിസ്തു എന്ന വ്യക്തിയിലാകുന്നു. |
| 2 കൊരി. 4:6 | എന്തുകൊണ്ടെന്നാൽ ഇരുട്ടിൽനിന്ന് വെളിച്ചം പ്രകാശിക്കും എന്ന് പറഞ്ഞ ദൈവമാകുന്നു, യേശു ക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം ശോഭിക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചവൻ. |
| 2 കൊരി. 4:7 | എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല |

| | |
|---|---|
| | ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്. |
| ഗലാ. 5:25 | ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ, ആത്മാവിനാൽ നമുക്ക് നടക്കുകയും ചെയ്യാം. |
| ഉല്പ. 5:22 | മെഥൂശലഹിനെ ജനിപ്പിച്ച ശേഷം ഹാനോക്ക് മൂന്നൂറു സംവത്സരം ദൈവത്തോടുകൂടെ നടക്കയും പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിക്കയും ചെയ്തു. |
| ഉല്പ. 5:23 | ഹനോക്കിന്റെ ആയുഷ്കാലം ആകെ മുന്നൂറ്ററുപത്തഞ്ചു സംവത്സരമായിരുന്നു. |
| ഉല്പ. 5:24 | ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു, ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി. |
| എബ്രാ. 11:5 | വിശ്വാസത്താൽ ഹാനോക്, താൻ മരണം കാണാതിരിക്കുവാൻ തക്കവണ്ണം മാറ്റപ്പെട്ടു; ദൈവം അവനെ മാറ്റിയതിനാൽ അവനെ കണ്ടില്ല. മാറ്റപ്പെടുന്നതിനു മുമ്പ് അവൻ ദൈവത്തിനു സുപ്രസാദമുള്ളവൻ എന്ന സാക്ഷ്യം പ്രാപിച്ചു. |
| എബ്രാ. 11:6 | എന്നാൽ വിശ്വാസം കൂടാതെ ദൈവത്തിനു സുപ്രസാദകരമാകുക അസാധ്യമാകുന്നു, എന്തെന്നാൽ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ട് വരുന്നവൻ, ദൈവം ആകുന്നു എന്നും അവനെ ശുഷ്കാന്തിയോടെ അന്വേഷിക്കുന്നവർക്ക് അവൻ പ്രതിഫലം നൽകുന്നവനാകുന്നു എന്നും വിശ്വസിക്കണം. |

F. നല്ല ദേശത്തിന്റെ യാഥാർഥ്യമായ സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിൽ നാം പ്രവേശിക്കുകയും, കൈവശമാക്കുകയും, ആസ്വദിക്കുകയും ചെയ്യണമെങ്കിൽ, നാം അത് കർത്താവിന്റെ സാന്നിധ്യത്താൽ ചെയ്യണം; കർത്താവ് മോശയോട് വാഗ്ദത്തം ചെയ്തു, "എന്റെ സാന്നിധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്ക് സ്വസ്ഥത നൽകും" (പുറ. 33:14); ദൈവത്തിന്റെ സാന്നിധ്യം അവന്റെ വഴിയാണ്, അത് തന്റെ ജനത്തെ അവർ എടുക്കേണ്ട വഴി കാണിക്കുന്ന "ഭൂപടം" ആണ്:

1. ദൈവത്തിന്റെ കെട്ടുപണിക്കുവേണ്ടി സർവവും ഉൾക്കൊള്ളുന്ന ദേശമായി ക്രിസ്തുവിനെ പൂർണമായി നേടുന്നതിനും കൈവശമാക്കുന്നതിനും ദൈവത്തിന്റെ സാന്നിധ്യമാണ് എല്ലാ കാര്യങ്ങളുടെയും മാനദണ്ഡം എന്ന തത്ത്വം നാം മുറുകെ പിടിക്കണം; നമ്മൾ എന്തു ചെയ്താലും, നമുക്ക് ദൈവത്തിന്റെ സാന്നിധ്യം ഉണ്ടോ ഇല്ലയോ എന്ന് നാം ശ്രദ്ധിക്കണം; നമുക്ക് ദൈവത്തിന്റെ സാന്നിധ്യമുണ്ടെങ്കിൽ, നമുക്ക് എല്ലാം ഉണ്ട്, എന്നാൽ നമുക്ക് ദൈവത്തിന്റെ സാന്നിധ്യം നഷ്ടപ്പെട്ടാൽ നമുക്ക് എല്ലാം നഷ്ടമാകും—മത്താ. 1:23; 2 തിമൊ. 4:22; ഗലാ. 6:18; സങ്കീ. 27:4, 8; 51:11.

| | |
|---|---|
| മത്താ. 1:23 | "ഇതാ, കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും, അവർ അവന്റെ പേർ ഇമ്മാനൂവേൽ എന്നു വിളിക്കും" (അതിനെ ദൈവം നമ്മോടുകൂടെ എന്ന് മൊഴിമാറ്റം ചെയ്തിരിക്കുന്നു). |
| 2 തിമൊ. 4:22 | കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ. |
| ഗലാ. 6:18 | സഹോദരന്മാരേ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവോടുകൂടെ ഇരിക്കട്ടെ. ആമേൻ. |

| | |
|---|---|
| സങ്കീ. 27:4 | ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ. |
| സങ്കീ. 27:8 | "എന്റെ മുഖം അന്വേഷിപ്പിൻ" എന്നു നിങ്കൽനിന്നു കല്പന വന്നു എന്നു എന്റെ ഹൃദയം പറയുന്നു; യഹോവേ, ഞാൻ നിന്റെ മുഖം അന്വേഷിക്കുന്നു. |
| സങ്കീ. 51:11 | നിന്റെ സന്നിധിയിൽനിന്നു എന്നെ തള്ളിക്കളയരുതേ; നിന്റെ വിശുദ്ധിയുടെ ആത്മാവിനെ എന്നിൽനിന്നു എടുക്കയുമരുതേ. |

2. കർത്താവിന്റെ സാന്നിധ്യം, കർത്താവിന്റെ പുഞ്ചിരി നിയന്ത്രക തത്ത്വമാണ്; നാം കാക്കപ്പെടുവാനും, ഭരിക്കപ്പെടുവാനും, നിയന്ത്രിക്കപ്പെടുവാനും, കർത്താവിന്റെ നേരിട്ടുള്ള, അപരോക്ഷ സാന്നിധ്യത്താൽ നടത്തപ്പെടുവാനും പഠിക്കണം—27:8; 80:3, 7, 17-19.

| | |
|---|---|
| സങ്കീ. 27:8 | "എന്റെ മുഖം അന്വേഷിപ്പിൻ" എന്നു നിങ്കൽനിന്നു കല്പന വന്നു എന്നു എന്റെ ഹൃദയം പറയുന്നു; യഹോവേ, ഞാൻ നിന്റെ മുഖം അന്വേഷിക്കുന്നു. |
| സങ്കീ. 80:3 | ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപ്പെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ. |
| സങ്കീ. 80:7 | സൈന്യങ്ങളുടെ ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപ്പെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ. |
| സങ്കീ. 80:17 | നിന്റെ കൈ നിന്റെ വലത്തുഭാഗത്തെ പുരുഷന്റെമേൽ നീ നിനക്കായി വളർത്തിയ മനുഷ്യപുത്രന്റെമേൽതന്നേ ഇരിക്കട്ടെ. |
| സങ്കീ. 80:18 | എന്നാൽ ഞങ്ങൾ നിന്നെ വിട്ടു പിന്മാറുകയില്ല; ഞങ്ങളെ ജീവിപ്പിക്കേണമേ, എന്നാൽ ഞങ്ങൾ നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കും. |
| സങ്കീ. 80:19 | സൈന്യങ്ങളുടെ ദൈവമായ യഹോവേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപ്പെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ. |

3. പക്വതയുള്ള ജീവിതത്തിന്റെ വാഴുന്ന വശത്തിന്റെ ഒരു പ്രതിനിധിയെന്ന നിലയിൽ, യോസേഫ് കർത്താവിന്റെ സാന്നിധ്യവും, അതോടൊപ്പം കർത്താവിന്റെ അധികാരവും സമൃദ്ധിയും അനുഗ്രഹവും ആസ്വദിച്ചു—ഉല്പ. 39:2-5, 21; പ്രവൃ. 7:9.

| | |
|---|---|
| ഉല്പ. 39:2 | യഹോവ യോസേഫിനോടുകൂടെ ഉണ്ടായിരുന്നതുകൊണ്ടു അവൻ കൃതാർത്ഥനായി, മിസ്രയീമ്യനായ യജമാനന്റെ വീട്ടിൽ പാർത്തു. |
| ഉല്പ. 39:3 | യഹോവ അവനോടുകൂടെ ഉണ്ടെന്നും അവൻ ചെയ്യുന്നതൊക്കെയും യഹോവ സാധിപ്പിക്കുന്നു എന്നും അവന്റെ യജമാനൻ കണ്ടു. |
| ഉല്പ. 39:4 | അതുകൊണ്ടു യോസേഫ് അവന്നു ഇഷ്ടനായി ശുശ്രൂഷചെയ്തു; അവൻ അവനെ ഗൃഹവിചാരകനാക്കി, തനിക്കുള്ളതൊക്കെയും അവന്റെ കയ്യിൽ ഏല്പിച്ചു. |
| ഉല്പ. 39:5 | അവൻ തന്റെ വീട്ടിന്നും തനിക്കുള്ള സകലത്തിന്നും അവനെ വിചാരകനാക്കിയതുമുതൽ യഹോവ യോസേഫിന്റെ |

നിമിത്തം മിസ്രയീമ്യന്റെ വീട്ടിനെ അനുഗ്രഹിച്ചു; വീട്ടിലും വയലിലും അവനുള്ള സകലത്തിന്മേലും യഹോവയുടെ അനുഗ്രഹം ഉണ്ടായി.

ഉല്പ. 39:21 — എന്നാൽ യഹോവ യോസേഫിനോടുകൂടെ ഇരുന്നു, കാരാഗൃഹപ്രമാണിക്കു അവനോടു ദയ തോന്നത്തക്കവണ്ണം അവന്നു കൃപ നല്കി.

പ്രവൃ. 7:9 — വംശപിതാക്കന്മാർ യോസേഫിനോട് അസൂയപ്പെടുകയും, അവനെ മിസ്രയീമിലേക്കു വിൽക്കുകയും ചെയ്തു; എങ്കിലും ദൈവം അവനോടുകൂടെ ഉണ്ടായിരുന്ന്,

4. മോശെ ദൈവത്തിന്റെ ഹൃദയത്തോട് വളരെ സമീപമുള്ളവനും ദൈവത്തിന്റെ ഹൃദയപ്രകാരമുള്ളവനും ആയിരുന്നു; അതിനാൽ, അവന് പൂർണമായ അളവിൽ ദൈവത്തിന്റെ സാന്നിധ്യം ഉണ്ടായിരുന്നു—പുറ. 33:11.

   പുറ. 33:11 — ഒരുത്തൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്നതുപോലെ യഹോവ മോശെയോടു അഭിമുഖമായി സംസാരിച്ചു. പിന്നെ അവൻ പാളയത്തിലേക്കു മടങ്ങിവന്നു; അവന്റെ ശുശ്രൂഷക്കാരനായ നൂന്റെ പുത്രനായ യോശുവ എന്ന ബാല്യക്കാരനോ കൂടാരത്തെ വിട്ടുപിരിയാതിരുന്നു.

5. ക്രിസ്തുവിന്റെ കണ്ണുകളിൽ പ്രകടമായ അവന്റെ മുഴുവൻ വ്യക്തിയുടെയും ഭാവാവിഷ്കാരം അനുസരിച്ച് അവന്റെ സാന്നിധ്യത്തിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഒരുവനായിരുന്നു അപ്പൊസ്തലനായ പൗലൊസ്—2 കൊരി. 2:10.

   2 കൊരി. 2:10 — എന്നാൽ നിങ്ങൾ എന്തെങ്കിലും ക്ഷമിക്കുന്നവനോട്, ഞാനും ക്ഷമിക്കുന്നു; ഞാൻ എന്തെങ്കിലും ക്ഷമിച്ചിരിക്കുന്നെങ്കിൽ, ഞാൻ ക്ഷമിച്ചിരിക്കുന്നത് നിങ്ങൾ നിമിത്തം ക്രിസ്തു എന്ന വ്യക്തിയിലാകുന്നു.

6. “എന്റെ ചെറുപ്പത്തിൽ ജയിക്കുവാനും, വിജയിയാകുവാനും, വിശുദ്ധനാകുവാനും, ആത്മികനാകുവാനും എന്നെ വിവിധ വഴികൾ പഠിപ്പിച്ചിരുന്നു. എന്നിരുന്നാലും, ഈ വഴികളൊന്നും ഫലപ്രദമായില്ല...കർത്താവിന്റെ സാന്നിധ്യമല്ലാതെ മറ്റൊന്നും ഫലപ്രദമാവില്ല. അവൻ നമ്മോടുകൂടെ ഉണ്ടായിരിക്കുന്നതാണ് എല്ലാം”—*യോശുവയുടെ ജീവപഠനം*, രണ്ടാം പതിപ്പ്, പേജ് 50.

G. പുതിയനിയമം മുഴുവനും ഒരു ഇമ്മാനുവേലാണ്, നിത്യതയിലുടനീളം പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും പുതിയ യെരൂശലേമിൽ പരിണതിപ്രാപിക്കുന്ന ഈ മഹാ ഇമ്മാനൂവേലിന്റെ ഭാഗമാണ് നാം ഇപ്പോൾ; പുതിയനിയമം "നമ്മോടുകൂടെയുള്ള ദൈവം" ആയ ഒരു ദൈവ-മനുഷ്യനിൽനിന്ന് ആരംഭിക്കുകയും, "യഹോവ അവിടെ" എന്ന, പുതിയ യെരൂശലേമായ, മഹാ ദൈവ-മനുഷ്യനോടുകൂടെ അവസാനിക്കുകയും ചെയ്യുന്നു—മത്താ. 1:23; 1 കൊരി. 6:17; പ്രവൃ. 9:4; 1 തിമൊ. 3:15-16; വെളി. 21:3, 22; യെഹെ. 48:35.

മത്താ. 1:23 — “ഇതാ, കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും, അവർ അവന്റെ പേർ ഇമ്മാനൂവേൽ എന്നു വിളിക്കും” (അതിനെ ദൈവം നമ്മോടുകൂടെ എന്ന് മൊഴിമാറ്റം ചെയ്തിരിക്കുന്നു).

1 കൊരി. 6:17 — എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

പ്രവൃ. 9:4 — അവൻ നിലത്തു വീണു, അവനോട്, ശൗലേ, ശൗലേ, നീ എന്നെ

| | |
|---|---|
| | ഉപദ്രവിക്കുന്നത് എന്ത്? എന്നു പറയുന്ന ഒരു ശബ്ദം കേട്ടു. |
| 1 തിമൊ. 3:15 | എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു. |
| 1 തിമൊ. 3:16 | സമ്മതമാംവണ്ണം, ദൈവികതയുടെ മർമം വലിയതാകുന്നു: അവൻ ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു, ദൂതന്മാരാൽ കാണപ്പെട്ടു, ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു, ലോകത്തിൽ വിശ്വസിക്കപ്പെട്ടു, തേജസ്സിൽ എടുക്കപ്പെട്ടു. |
| വെളി. 21:3 സിം | ഹാസനത്തിൽനിന്ന് ഞാൻ ഉച്ചത്തിൽ പറഞ്ഞുകേട്ടത്, ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം, അവൻ അവരോടുകൂടെ കൂടാരമടിക്കും, അവർ അവന്റെ ജനങ്ങളായിരിക്കും, ദൈവം താൻ അവരോടുകൂടെ ആയിരുന്ന് അവരുടെ ദൈവമായിരിക്കും. |
| വെളി. 21:22 | അതിൽ ഞാൻ ആലയം കണ്ടില്ല, സർവശക്തനായ ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ ആലയം ആകുന്നു. |
| യെഹെ. 48:35 | അതിന്റെ ചുറ്റളവു പതിനെണ്ണായിരം മുഴം. അന്നുമുതൽ നഗരത്തിന്നു യഹോവ ശമ്മാ (യഹോവ അവിടെ) എന്നു പേരാകും. |